# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5578</u> <u>02.07.2014 ൽ മറുപടിക്ക്</u>

## താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തിയ ആരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ആരോഗ്യകേന്ദ്രങ്ങളെ താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തി എന്ന് വിശദമാക്കുമോ ; | (എ) 1. തിരുവനന്തപുരം ജില്ലയിലെ ഫോർട്ട് ഹോസ്പിറ്റൽ<br>2. പത്തനംതിട്ട ജില്ലയിലെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കോന്നി<br>3. കോഴിക്കോട് ജില്ലയിലെ താലൂക്ക് ആശുപത്രി, ബാലുശ്ശേരി<br>4. മലപ്പുറം ജില്ലയിലെ വണ്ടൂർ താലൂക്ക് ആശുപത്രി<br>5. മലപ്പുറം ജില്ലയിലെ അരീക്കോട് താലൂക്കാശുപത്രി<br>6. എറണാകുളം ജില്ലയിലെ പള്ളുരുത്തി താലൂക്കാശുപത്രി. |
| (ബി) ഇവയിൽ ഏതെല്ലാമാണ് താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നു. |
| (സി) ഇവയിൽ ഓരോന്നിനും നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) 1. <u>താലൂക്കാശുപത്രി, ഫോർട്ട്</u><br>നിലവിൽ അനുവദിച്ചിട്ടുള്ള ബെഡ് സ്ട്രെങ്ത് 76 ആണ്. എൻ.ആർ.എച്ച്.എം ഫണ്ടുപയോഗിച്ച് 5 കോടിയുടെ ഒരു ഇരുനിലകെട്ടിടം (എം.സി.എച്ച് ബ്ലോക്ക്) നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് പേവാർഡ് പണി പൂർത്തിയാകാറായിട്ടുണ്ട്. ഇതിന് 12 മുറികളുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ലാബ്, ദന്തൽ യൂണിറ്റ്, സ്പെഷ്യാലിറ്റി ഒ.പി എന്നിവയുണ്ട്. ഗൈനക്കോളജി വിഭാഗവും നല്ല നിലയിൽ |

പ്രവർത്തിക്കുന്നുണ്ട്. നാല് ഗൈനക്കോളജിസ്റ്റുകൾ ഉണ്ട്. പ്രതിമാസം 70 മുതൽ 80 വരെ പ്രസവകേസുകൾ നടക്കുന്നുണ്ട്.
ജനറൽ വാർഡ് (മെയിൽ വാർഡ്, ഫീമെയിൽ വാർഡ്) പീഡിയാട്രിക് വാർഡ്, മറ്റേർണിറ്റി വാർഡ് എന്നിവയും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കോന്നി, പത്തനംതിട്ട

നിലവിൽ അനുവദിച്ചിട്ടുള്ള ബെഡ് സ്ട്രെങ്ത് 25 ആണ്. 6 നിലകളുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. രണ്ട് നിലകളുടെ പണി പൂർത്തിയായിട്ടുണ്ട്. നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി വിഭാഗവും എക്സ്റേ സംവിധാനവും ലാബും പ്രവർത്തിക്കുന്നുണ്ട്. ജനറൽ വാർഡിൽ മെയിൽ വാർഡും ഫീമെയിൽ വാർഡുമുണ്ട്. സ്പെഷ്യാലിറ്റി വിഭാഗത്തിൽ പീഡിയാട്രീഷ്യൻ, ഫിസിഷ്യൻ, ഇ.എൻ.ടി സർജൻ എന്നിവർ നിലവിലുണ്ട്.

3. താലൂക്കാശുപത്രി, ബാലുശ്ശേരി, കോഴിക്കോട്

ടി താലൂക്കാശുപത്രിയിൽ താഴെ പറയുന്ന സൗകര്യങ്ങൾ നിലവിലുണ്ട്. നിലവിൽ അനുവദിച്ചിട്ടുള്ള ബെഡ് സ്ട്രെങ്ത് 75 ആണ്.

1. 100-ലധികം രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് എല്ലാ സൗകര്യങ്ങളോടും കൂടിയ വാർഡുകൾ
2. നവീകരിച്ച പ്രസവമുറി
3. അനസ്തേഷ്യ മെഷീൻ, ഷാഡോലസ് ലാമ്പ് സൗകര്യങ്ങളോടെയുള്ള നവീകരിച്ച ഓപ്പറേഷൻ തിയേറ്റർ.
4. എല്ലാവിധ സൗകര്യങ്ങളോടുകൂടിയ പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്
5. ആധുനിക ഉപകരണങ്ങളോടെ ബ്ലഡ് സ്റ്റോറേജ് സെന്റർ.

എച്ച്.എം.സി ലാബ്, 300 എം.എ എക്സ്റേ യൂണിറ്റ്, ശീതികരണ സംവിധാനത്തോടെ നവീകരിച്ച മെഡിസിൻ സ്റ്റോർ എന്നിവയും നിലവിലുണ്ട്.

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ആശുപത്രിയ്ക്ക് കൈമാറിയ 18 മുറികൾ അടങ്ങിയ കെട്ടിടം, കോൺഫറൻസ് ഹാൾ, പൂർത്തിയായി

ക്കൊണ്ടിരിക്കുന്ന കാരുണ്യാ ഫാർമസി എന്നിവയ്ക്കായി എം.എൽ.എ ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച 3 നിലകെട്ടടം, ഡോക്ടർമാർക്കും ജീവനക്കാർക്കുമായി ക്വാർട്ടേഴ്സ് എന്നീ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

4. താലൂക്കാശുപത്രി, വണ്ടൂർ, മലപ്പുറം

42 ബെഡ് സ്ട്രെങ്ത് ഉള്ള ഐ.പി. പ്രവർത്തിക്കുന്നുണ്ട്. 2 പേ വാർഡും ജനറൽ വാർഡും, കുട്ടികളുടെ വാർഡും നിലവിലുണ്ട്. എക്സ്റേ, ലബോറട്ടറി, ഇ.സി.ജി മെഷീൻ, ഡെന്റൽ എക്സ്റേ എന്നീ സൗകര്യങ്ങൾ നിലവിലുണ്ട്. ഇവിടെ 2 ഏക്കർ സ്ഥലസൗകര്യം ഉണ്ട്.

5. താലൂക്കാശുപത്രി, അരീക്കോട്, മലപ്പുറം

നിലവിലെ ബെഡ് സ്ട്രെങ്ത് 35 ആണ്. ബെഡ് സ്ട്രെങ്ത് 100 ആക്കി ഉയർത്തുന്നതിനുള്ള സ്ഥലസൗകര്യം ഉണ്ട്. ഇവിടെ 1.2 ഏക്കർ സ്ഥല സൗകര്യം ഉണ്ട്. ജനറൽ വാർഡ് (മെയിൽ & ഫീമെയിൽ വാർഡ്) പീഡിയാട്രിക് വാർഡ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഡെലിവറി സംവിധാനം നിലവിലുണ്ട്.
ലബോറട്ടറി, ഇ.സി.ജി മെഷീൻ എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

6. താലൂക്കാശുപത്രി, പള്ളുരുത്തി, എറണാകുളം

നിലവിൽ 50 കിടക്കൾ ആണ് അനുവദിച്ചിട്ടുള്ളത്. ഏകദേശം 3 1/2 ഏക്കറോളം ഭൂമിയുള്ള ഈ ആശുപത്രിയിൽ രണ്ട് നിലകളുള്ള ഒരു കെട്ടിടവും ഇതിൽ താഴത്തെ നിലയിൽ ഒ.പി, ഇമ്മ്യൂണൈസേഷൻ, ഓഫീസ്, റിസപ്ഷൻ എന്നിവയും മുകളിലത്തെ നിലയിൽ ഐ.പി വാർഡും പ്രവർത്തിക്കുന്നു. ജനറൽ വാർഡിൽ മെയിൽ വാർഡും, ഫീമെയിൽ വാർഡും പ്രവർത്തിക്കുന്നുണ്ട്, മെഡിസിൻ, ഇ.എൻ.ടി ഗൈനക്കോളജിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകൾ ഉണ്ട്.

| | | | |
|---|---|---|---|
| (ഡി) | കൊണ്ടോട്ടി സി.എച്ച്.സി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് എന്തെല്ലാം റിപ്പോർട്ടുകൾ ലഭിച്ചു ; അതിന്റെ കോപ്പി സഹിതം വിശദമാക്കുമോ ; | (ഡി) | കൊണ്ടോട്ടി സി.എച്ച്.സി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | ഇവിടെ സ്പെഷ്യലിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് തിരഞ്ഞെടുത്ത ആശുപത്രികളുടെ ലിസ്റ്റിൽ ഇത് ഉൾപ്പെട്ടിട്ടുണ്ടോ ; | (ഇ) | ഉണ്ട്. |
| (എഫ്) | താലൂക്ക് ആശുപത്രിക്കായുള്ള തസ്തികകൾ എന്നത്തേക്ക് സൃഷ്ടിക്കാനാകും ? | (എഫ്) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**